**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 202** | **23-08-2022 - ൽ മറുപടിയ്ക്ക്**

**കാസർഗോഡ് ജില്ലയിൽ അമ്മയും കുഞ്ഞും ആശുപത്രി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം രാജഗോപാലൻ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | കാസർഗോഡ് ജില്ലയിൽ അനുവദിച്ച അമ്മയും കുഞ്ഞും ആശുപത്രി എപ്പോൾ പൂർണ്ണമായും പ്രവർത്തനം ആരംഭിക്കുമെന്ന് വ്യക്തമാക്കുമോ; ഈ സ്ഥാപനത്തിലേക്ക് നിലവിൽ എത്ര തസ്തികകൾ അനുവദിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ? | (എ) | കാസർഗോഡ് ജില്ലയിൽ അമ്മയും കുഞ്ഞും ആശുപത്രിക്കായി നിർമ്മിച്ച കെട്ടിടത്തിൽ ലിഫ്റ്റിന്റെ പ്രവർത്തികൾ ഒരു മാസത്തിനകം പൂർത്തീകരിക്കും. ലഭ്യമായ ഉപകരണങ്ങൾ ഇൻസ്റ്റാൾ ചെയ്യുന്നതിന് സൈറ്റ് റെഡിയായിട്ടുണ്ട്. ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കെട്ടിട നമ്പർ ലഭ്യമാക്കുന്നതിന് കാഞ്ഞങ്ങാട് നഗരസഭയ്ക്ക് അപേക്ഷ നൽകിയിട്ടുണ്ട്. മേൽ പ്രവർത്തികൾ പൂർത്തിയാകുന്ന മുറയ്ക്ക് ആശുപത്രിയുടെ പ്രവർത്തനം തുടങ്ങാൻ കഴിയുന്നതാണ്. ടി സ്ഥാപനത്തിലേക്ക് സ്റ്റാഫ് നഴ്സ് -7, ഫാർമസിസ്റ്റ് -2, ക്ലാർക്ക് - 2, ഓഫീസ് അറ്റൻഡന്റ് - 1 എന്നീ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ